**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6242** **10-07-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി സാന്നിദ്ധ്യവും ആക്രമണവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന് കീഴിലുള്ള പാലപ്പിള്ളി, വെള്ളിക്കുളങ്ങര തുടങ്ങിയ പ്രദേശങ്ങളിൽ വന്യജീവി സാന്നിദ്ധ്യവും ആക്രമണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വന്യജീവികളുടെ ആക്രമണത്തിൽ നിന്നും കർഷകരെയും കാർഷിക വിളകളെയും സംരക്ഷിക്കുന്നതിന് രാത്രികാല പെട്രോളിംഗ് ശക്തിപ്പെടുത്തുകയും നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തിരിച്ചുവിടുന്നതിന് കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി ഡിവിഷന് കീഴിൽ റാപ്പിഡ് റെസ്പോൺസ് ടീം മാതൃകയിൽ മൊബൈൽ യൂണിറ്റുകൾ നിയോഗിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 31.05.2024 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 23/2024/വനം പ്രകാരം നിലവിൽ പാലപ്പിള്ളി റെയിഞ്ചിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മൃഗങ്ങൾ നാട്ടിലേക്ക് ജലം അന്വേഷിച്ച് ഇറങ്ങാതിരിക്കാൻ വനത്തിനകത്ത് കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സൗരോർജ്ജവേലി, കിടങ്ങുകൾ എന്നിവയുടെ നിർമ്മാണം, വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങളുടെ നിർമ്മാണം, വനമേഖലയ്ക്കുള്ളിൽ ഫലവൃക്ഷ തൈകൾ നട്ടുവളർത്തൽ, ആർ.ആർ.ടി.യുടെ കാര്യക്ഷമമായ പ്രവർത്തനം തുടങ്ങിയ വന്യജീവി-മനുഷ്യ സംഘർഷം കുറയ്ക്കുന്നതിനായുള്ള നടപടികൾ പ്രസ്തുത മേഖലയിൽ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പരാമർശിച്ചുപ്രകാരമുള്ള നടപടികൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന് കീഴിലുള്ള പാലപ്പിള്ളി , വെള്ളിക്കുളങ്ങര തുടങ്ങിയ പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ NABARD സ്കീമിൽ ഉൾപ്പെടുത്തി 18 കിലോമീറ്റർ തൂക്കു സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനായിട്ടുള്ള ജോലികൾ KPHCC മുഖാന്തിരം നടപ്പിലാക്കിവരുന്നു. അതിലുപരി 31.05.2024-ലെ സർക്കാർ ഉത്തരവ് (കൈ)നം.23/2024/വനം പ്രകാരം പാലപ്പിള്ളി മേഖല കേന്ദ്രീകരിച്ച് ഒരു പുതിയ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആയത് സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ